## പതിമൂന്നാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 5109** **02.07.2013 ൽ മറുപടിയ്ക്ക്**

## അനർട്ടിന്റെ പുനഃസംഘടന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) അനർട്ടിന്റെ പുനഃസംഘടനയ്ക്കും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ഗവൺമെന്റ് അംഗീകരിച്ചു നൽകിയ പദ്ധതി രേഖ ലഭ്യമാക്കുമോ; | (എ) അനെർട്ടിന്റെ പുനഃസംഘടന സംബന്ധിച്ച് ഗവൺമെന്റ് അംഗീകരിച്ചു നൽകിയ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി 2012 -2013 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണു നീക്കിവച്ചിട്ടുള്ളത്; | (ബി) പ്രസ്തുത ഉത്തരവിലുള്ള പരിപാടികൾക്കായി 2012-13 സാമ്പത്തിക വർഷത്തിൽ പ്രത്യേകമായി തുക നീക്കി വച്ചിട്ടില്ല. അനെർട്ടിന്റെ പുനഃസംഘടനയും ബന്ധപ്പെട്ട മറ്റു കാര്യങ്ങളും സംബന്ധിച്ച കാര്യങ്ങൾ പുനഃപരിശോധനയ്ക്കായി എനർജി മാനേജ്മെന്റ് വിദഗ്ധനായ ഡോ. രവിയുടെ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. |
| (സി) പ്രസ്തുത തുക ഏതെല്ലാം ഘടക പദ്ധതികൾക്കായിട്ടാണ് വകയിരുത്തിയതെന്നും ഓരോ ഘടക പദ്ധതിക്കും എത്ര തുക വകയിരുത്തിയെന്നും, എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**